ബേപ്പൂർ മണ്ഡലത്തിലെ നല്ലളത്തെ ബാംബൂ ടൈൽ ഫാക്ടറിയിലെ തൊഴിലാളികൾക്ക് ശമ്പളം

212 (4203) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ നല്ലളത്ത് പ്രവർത്തിക്കുന്ന ബാംബൂ ടൈൽ ഫാക്ടറിയിലെ തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിൽ കാലതാമസം വരാറുണ്ട്. എന്നാൽ, നാളിതുവരെ ശമ്പളയിനത്തിൽ കുടിശ്ശികയൊന്നും നൽകാനില്ല.

(ബി) സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ രൂപീകരിച്ച നല്ലളം ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറി 2011 ഫെബ്രുവരിയിലാണ് പ്രവർത്തനം ആരംഭിച്ചത്. ചൈനയിൽ നിർമ്മിതമായ മെഷിനറിയാൽ ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് തറയോട് നിർമ്മിക്കുന്ന ഈ ഫാക്ടറിയിൽ പ്രാരംഭമായ് ചില പ്രശ്നങ്ങളുണ്ടായിരുന്നു. ഉൽപ്പന്നത്തിന്റെ മേന്മയ്ക്കനുസൃതമായ വിപണി കണ്ടെത്താനും ഉൽപ്പാദനം ആരംഭിക്കുന്ന മുറയ്ക്കുതന്നെ വിപണന ശൃംഖല ശക്തിപ്പെടുത്താനും കഴിഞ്ഞിരുന്നില്ല. കൂടാതെ, വിഭാവന ചെയ്ത രീതിയിൽ ഉൽപ്പാദനം നടത്താനും കഴിഞ്ഞിരുന്നില്ല. മേൽ സ്ഥതിവിശേഷം സംജാതമാക്കിയ പ്രതിസന്ധിയാണ് സ്ഥാപനം നേരിടുന്നത്.

(സി) കമ്പനി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിതരണശൃംഖല മെച്ചപ്പെടുത്താൻ കൂടുതൽ ഡിസ്ട്രിബ്യൂട്ടർമാരെ/ ഡീലർമാരെ നിയമിക്കുകയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഉപയോഗവും വെളിപ്പെടുത്തുന്ന പരസ്യമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രകൃതി സൗഹൃദ ഉൽപ്പന്നത്തിന്റെ ഉപയോഗസാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്താനായി കാർപ്പെന്റേഴ്സ് മീറ്റുകൾ, പ്രദർശന മേളകളിൽ പങ്കെടുക്കൽ തുടങ്ങിയവ നടത്തിയും മാനന്തവാടി, നാദാപുരം, പാലക്കാട് എന്നിവിടങ്ങളിൽ ഫീഡർ യൂണിറ്റുകളുടെ പ്രവർത്തനം പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തുവാൻവേണ്ട നടപടികൾ കൈക്കൊള്ളുക എന്നിവ വഴിയും കമ്പനി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly